കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി10/1312/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി10/1312/2024 തീയ്യതി: 11/09/2024

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ.ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ലേഖ.വി , ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് . എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി . എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിനിമോൾ എബ്രഹാം , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. കെഎൻ സുവർണ്ണകുമാരി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. രഞ്ജൻ റ്റി	സെക്രട്ടറി	01-04-2023	05-07-2023
ശ്രീമതി.ദീപ.എം.കുര്യാക്കോസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-07-2023	19-07-2023
ശ്രീ.പിജി ഉണ്ണികൃഷ്ണപിള്ള	സെക്രട്ടറി	20-07-2023	28-11-2023
ശ്രീ.അനിൽകുമാർ എ	സെക്രട്ടറി	29-11-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മരിയ തെരേസ കുര്യൻ	അസി.എഞ്ചിനീയർ	01-04-2023	09-05-2023
അസ്ജാദ് എം എഫ്	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്	10-05-2023	11-07-2023
ശ്രീജിത്ത് പി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്	12-07-2023	24-07-2023
അഞ്ജന പ്രസാദ്	അസിസ്റ്റന്റ് എഞ്ചിനീയർ	02-09-2023	31-03-2024
അജിത്ത് കുമാർ വി. എസ്.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോട്ടമുറി സർക്കിൾ)	01-04-2023	31-03-2024
അജിത്ത് കുമാർ വി. എസ്.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തൃക്കൊടിത്താനം സർക്കിൾ))	01-04-2023	24-10-2023
അമൃത ആർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തൃക്കൊടിത്താനം സർക്കിൾ))	25-10-2023	31-03-2024
ഡോ. ശാന്തി മറിയം തോമസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	31-03-2024
ഡോ. ഷീജാ ഫിലിപ്പ്	മെഡിക്കൽ ഓഫീസർ(FHC)	01-04-2023	22-06-2023
ടോണിയ ജോൺ	മെഡിക്കൽ ഓഫീസർ(FHC)	23-06-2023	10-07-2023
എലിസബത്ത് രാജൻ	മെഡിക്കൽ ഓഫീസർ(FHC)	11-07-2023	31-03-2024
എസ്. പ്രകാശ്	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ഡോ. സ്നെല്ല സണ്ണി	വെറ്റിനറി സർജൻ	01-04-2023	31-03-2024
റസിയ എ. സലാം	കൃഷി ഓഫീസർ	01-04-2023	31-03-2024
ദീപ്തി വി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	26-08-2023
ദിവ്യ വി ആൻഡ്രൂസ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	27-08-2023	31-03-2024
ദിവ്യ എസ്.	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2023	31-03-2024
ശ്രീമതി ദീപ എം കുര്യാക്കോസ്	അസി.സെക്രട്ടറി	01-04-2023	31-03-2024

ഡോ. പി ജി ഗീതാ ദേവി	ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024
ഫാത്തിമ എസ്	അസി.എഞ്ചിനീയർ ഇൻ ചാർജ്	25-07-2023	01-09-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-3
5	CFC (Untied) ഫണ്ട് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ലൈഫ് (സംസ്ഥാന വിഹിതം) അക്കൗണ്ട് നീക്കിയിരിപ്പ് B4 ഷെഡ്യൂൾ , Specific Purpose Grant ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു	1-1-6
8	പഞ്ചായത്തിന്റെ പേരിലില്ലാത്ത അക്കൗണ്ടിൽ തുക തെറ്റായി ക്രെഡിറ്റ് ചെയ്തു	1-1-7
9	ജേണൽ എൻട്രി ക്രമീകരണങ്ങളുടെ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല	1-1-8
10	പ്രത്യേക ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-9
11	ബജറ്റ്-വിശകലനം	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം	1-6
16	സാമൂഹ്യ സുരക്ഷാ പദ്ധതികൾ	1-7
17	കാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	ബാങ്ക് അക്കൗണ്ട് - കോൺട്രാ രേഖപ്പെടുത്തലിൽ വന്ന അപാകതകൾ	1-11
21	വിവിധ ഏജൻസികളിലെ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല	1-12
22	വിവിധോദ്ദേശ്യ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കുന്നതിന് നടപടികളില്ല	1-13
23	വസ്തുനികുതി-പുതുക്കിയ നിരക്ക് ഈടാക്കുന്നില്ല	1-14
24	ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-15
25	തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-16
26	പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ലംഘിച്ച് അനധികൃത കെട്ടിടത്തിൽ വാണിജ്യസ്ഥാപനം പ്രവർത്തിക്കുന്നു	1-17
27	അധികമേൽക്കൂര - പെർമിറ്റ് എടുക്കുന്നില്ല	1-18
28	പഞ്ചായത്ത് ലൈസൻസ് കൂടാതെ വ്യവസായം നടത്തുന്നു-ക്രമപ്രകാരമല്ല	1-19
29	ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി	1-20
30	ആസ്തി രജിസ്റ്റർ കാലികമാക്കൽ -പൂർത്തീകരണത്തിലെത്തിയില്ല	1-21

31	നടപടിക്രമങ്ങൾ പാലിക്കാതെ ആഞ്ഞിലിവേലിക്കുളം ഇരുപ്പാതോട് ക്ലീനിംഗിനായി തുക ചെലഴിച്ചു	1-22
32	പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശിക നിലനിൽക്കുന്നു	1-23
33	വിള ആരോഗ്യപരിപാലന കേന്ദ്രം - മരുന്നുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല	1-24
34	ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു	1-25
35	വിവിധ നിക്ഷേപപ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല	1-26
36	അക്രഡിറ്റഡ്എജൻസി വഴി നിർവ്വഹണം-അപാകതകൾ	1-27
37	ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ -തുക മുഴുവൻ നൽകിയെങ്കിലും വാഹനം നാളിതുവരെ ലഭ്യമായില്ല.	1-28
38	കുന്നുംപുറം ടേക്ക് എ ബ്രേക്കിന് കുഴൽക്കിണർ നിർമ്മാണം - ഭൂജലവകുപ്പിന് അധികതുക നൽകി	1-29
39	വ്യക്തിഗത ശൗചാലയം നിർമ്മാണം - അധികം തുക നല്കി	1-30
40	ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ഫണ്ട് വിനിയോഗം-1	1-31
41	ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ഫണ്ട് വിനിയോഗം-2	1-32
42	എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി - കരാറുകാരന് അധികം തുക നല്കി	1-33
43	എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി- പഞ്ചായത്തിന് അധികച്ചെലവ്	1-34
44	HMC ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിന്നും കണ്ടിജന്റ് ചെലവ്	1-35
45	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-36
46	വ്യക്തിഗത പ്രോജക്ട്-ഗുണഭോക്താവിന് അധികം തുക നല്കി	1-37
47	വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-38
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി കരാറുകാരന് അധികം തുക നല്കി	3-1
2	എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി- പഞ്ചായത്തിന് അധികച്ചെലവ്	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം	4-8

9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/05/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 11.09.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31/03/2024 ലെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ്(Capital Contribution) ശീർഷകത്തിലെ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട്, സാമ്പത്തിക വർഷം എന്നിവ തിരിച്ചു Capital Contribution Register-ൽ ചേർത്തിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ(എം.എസ്) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും, സ്ഥാപനങ്ങളുടെയും, റോഡുകളുടെ സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 CFC (Untied) ഫണ്ട് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

Specific Purpose Grant ACR പ്രകാരം CFC (Untied) നീക്കിയിരിപ്പ് 1408151/- രൂപയാണ്. എന്നാൽ 1375141/- രൂപയാണ് വാർഷികകണക്കുകൾ പ്രകാരം നീക്കിയിരിപ്പ്.

1-1-5 ലൈഫ് (സംസ്ഥാന വിഹിതം) അക്കൗണ്ട് നീക്കിയിരിപ്പ് B4 ഷെഡ്യൂൾ , Specific Purpose Grant ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയുടെ B4 ഷെഡ്യൂൾ, Specific Purpose Grant ACR എന്നിവ പ്രകാരം 601199/- രൂപയാണ് Life (State Share) നീക്കിയിരിപ്പ്. എന്നാൽ RP40(B) യിൽ State Share അക്കൗണ്ടായ SBI 38062025182 ൽ 58683/- രൂപയാണ് നീക്കിയിരിപ്പ്. ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-6 സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്ത് ധനവിനിമയങ്ങളില്ലാത്ത ഏതാനും അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. നിലവിൽ സാമ്പത്തിക ഇടപാടുകൾ ഒന്നും നടക്കാത്ത ടി അക്കൗണ്ടുകൾ യഥാവിധി ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബാങ്ക്	നീക്കിയിരിപ്പ്
CFLTC	Union Bank	1409506/-
Pension RGPSA	Union Bank	1368/-

1-1-7 പഞ്ചായത്തിന്റെ പേരിലില്ലാത്ത അക്കൗണ്ടിൽ തുക തെറ്റായി ക്രെഡിറ്റ് ചെയ്തു

19/08/2022 ൽ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 53887 രൂപയുടെ കോൺട്രാ രേഖപ്പെടുത്തിയപ്പോൾ നെറ്റ് വർക്ക് തകരാർ മൂലം പഞ്ചായത്തിന്റെ പേരിലില്ലാത്ത Co-Operative Bank Accounts Of Own Revenue Fund എന്ന അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടത്. പ്രസ്തുത അപാകത IKM മുഖേന പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ചത് Note On Accounts സഹിതം അറിയിക്കേണ്ടതാണ്.

1-1-8 ജേണൽ എൻട്രി ക്രമീകരണങ്ങളുടെ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ റിപ്പോർട്ടുകൾ പ്രകാരം B4 ഷെഡ്യൂളിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നടത്തിയ Journal Entry ക്രമീകരണങ്ങളുടെ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

1-1-9 പ്രത്യേക ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല

KURDFC ലോൺ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ സ്പെസിഫിക് പർപ്പസ് ഗ്രാന്റ് എ സി ആറിൽ തന്നെയാണ് ലോൺ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നത്.

1-2 ബജറ്റ്-വിശകലനം

2023-24 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 06.02.2024 -ലെ 3/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷകൾ	
	പ്രാരംഭ ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	2693367	42748795
വരവ്	217653000	267439234
ആകെ	220346367	310188029
ചെലവ്	214921000	307114668
നീക്കിയിരിപ്പ്	5425367	3073361

1-3 സാമ്പത്തിക വിശകലനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത

ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	26188054/-
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	91487448/-
ആകെ	117675502/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	98124604/-
നീക്കിയിരിപ്പ് (31/03/2024)	19550898/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	164840162
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	164658115
പ്രവർത്തന മിച്ചം(Gross Surplus)	182047
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	-240160/-
അറ്റ പ്രവർത്തനമിച്ചം(Net Surplus)	422207/-

2023-24 ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	73928/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2040022/-

1-4 ഗ്രാന്റ് വിനിയോഗം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

7

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	19191000/-	19191000/-	18994315/-	196685/-	99
വികസന ഫണ്ട്-SCP	0	7917000/-	7917000/-	7168875/-	748125/-	91
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	10,65,032/-	31,78,000/+ 1,99,099/-	**44,42,131/-**	30,66,990/-	13,75,141/-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	52,81,086/-	23,83,500/-	76,64,586/-	24,60,630/-	52,03,956/-	

മെയിന്റനൻസ് ഗ്രാന്റ്- Road	0	45,89,350/-	45,89,350/-	36,47,056/-	9,42,294/-	79
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	63,67,400/-	63,67,400/-	52,94,555/-	10,72,845/-	83
Health Grant (Diagnostic Infrastructure To PHC)	2170/-	11,28,022/-	11,30,192/-	7,67,351/-	3,62,841/-	
Health Grant (Building Less PHCs)	0	27,97,392/-	27,97,392/-	0	27,97,392/-	
ആരോഗ്യ ഗ്രാന്റ്(Health &Wellness Centre)	1240/-	4,60,552/-	4,61,792/-	3,41,704/-	1,20,088/-	
ഐ.സി.ഡി.എസ്	17,62,565/-	29,84,288/-	47,46,853/-	10,46,278/-	37,00,575/-	
ശുചിത്വമിഷൻ	298705/-	---	298705/-	0	298705/-	
സമ്പൂർണ്ണശുചിത്വം	196518/-	----	196518/-	---	196518/-	

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 പദ്ധതി അവലോകനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO/KTM തീയതി 12-03-2023 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 275 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 21,38,86,280/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സംയുക്തയോഗം 10-1-2023 ലും വികസന സെമിനാർ 17-2-23 ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 13-05-23 മുതൽ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	11	11	38,67,780/-	24,70,154/-
വെറ്ററിനറി സർജൻ	11	9	41,80,000/-	19,46,156/-
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	11	10	81,23,000/-	54,07,991/-
മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	4,18,955/-	4,03,425/-

മെഡിക്കൽ ഓഫീസർ (ആയുർവേദം)	3	2	11,39,000/-	9,83,861/-
ഡയറി ഫാം ഇൻസ്ട്രക്ടർ	3	2	24,60,000/-	14,99,854/-
വി.ഇ.ഒ	26	16	10,41,52,866/-	1,81,94,204/-
ഐ.സി.ഡി.എസ് സൂപ്പർവൈസർ	13	10	78,54,000/-	56,35,813/-
സെക്രട്ടറി	71	37	3,50,88,772/-	95,21,487/-
അസി.എഞ്ചിനീയർ	98	54	3,75,15,636/-	1,20,62,872/-
ഹെഡ്മാസ്റ്റർ	9	8	25,50,521/-	17,35,984/-
അസി.സെക്രട്ടറി	15	10	65,35,750/-	40,67,479/-
ആകെ	275	173	21,38,86,280/-	6,39,29,280/-

മികച്ച തനത് വരുമാനമുള്ള ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ വിവിധ പ്രൊജക്റ്റുകൾക്കായി തനത് ഫണ്ട് വകയിരുത്തിയിരുന്നത് 3.95 കോടി രൂപയാണ്. ഇതിൽ 1.16 കോടി രൂപ തൻവർഷം ചെലവഴിച്ചിരുന്നു. തനത് ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ മുൻവർഷ വകയിരുത്തലിനെക്കാൾ 15% ത്തിൽ കൂടുതൽ തുക വകയിരുത്തുന്ന പക്ഷം പെർഫോമൻസ് സൂപ്പർവൈസറുടെ അനുമതി ആവശ്യമായിരുന്നു. എന്നാൽ 1.79 കോടി രൂപ മാത്രം സാമ്പത്തിക വർഷാരംഭത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ ബാലൻസ് നിൽക്കുകയും ജനറൽ പർപസ് ഗ്രാന്റ് 12 ഗഡുക്കളും ലഭ്യമാകുമെങ്കിൽക്കൂടി (12x1833800) 3.99 കോടി രൂപ മാത്രമേ തനത് ഫണ്ട് അക്കൗണ്ടിൽ ബാലൻസായി ഉണ്ടാകൂ എന്നിരിക്കെ സർക്കാർ നിർദ്ദേശപ്രകാരം മറ്റ് അനിവാര്യചെലവുകൾക്ക് തുക മാറ്റി വയ്ക്കാതെ പദ്ധതി ചെലവുകൾക്ക് തുക വകയിരുത്തുന്ന നടപടി സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. തുടർ വർഷങ്ങളിൽ ടി അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

<u>സഞ്ചിതനിധിയിലേയ്ക്ക് 29.59 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>

ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	1,96,685/-
വികസന ഫണ്ട്-SCP	7,48,125/-
മെയിന്റനൻസ് ഗ്രാന്റ്-Road	9,42,294/-
മെയിന്റനൻസ് ഗ്രാന്റ്-Non Road	10,72,845/-
ആകെ	29,59,949/-

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്ത് മികവ് പുലർത്തിയിരുന്നു. പൊതു വിഭാഗം വികസനഫണ്ട് 99% വും എസ് സി പി ഫണ്ട് 91% വും ചെലവഴിക്കാൻ സാധിച്ചത് നിർവ്വഹണത്തിന്റെ മികവ് തെളിയിക്കുന്നതാണ്. റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ 45.20 ലക്ഷം രൂപയുടെ ബില്ലുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ ട്രഷറിയിൽ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യവുമുണ്ടായി.

<u>മോണിറ്ററിംഗ്</u>

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2023-2024 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 161 പ്രോജക്ടുകളിൽ, 126 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 63225 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1078 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജല സംരക്ഷണ പ്രവൃത്തികൾ, മഴക്കുഴി, കൃഷിക്ക് നിലം ഒരുക്കൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2023-2024 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വരവ്		ചെലവ്	
മുന്നിരിപ്പ് (01/04/2023)	1082077.63/-	Skilled Labour (DBT)	681315/-
അഡ്മിനിസ്ട്രേറ്റീവ് വരവ്	682524/-	Unskilled Labour(DBT)	20945409/-
പലിശ വരവ്	4600/-	Material(DBT)	2803506.92/-
മുൻകൂർ(തനത് ഫണ്ട്)	1321812/-	ആകെ DBT ചെലവ്	24430230.92/-
ആകെ നേരിട്ടുള്ള വരവ്	2008936/-	ശമ്പളം	1223386/-
Skilled Labour	681315/-	പ്രിന്റിങ്ങ് & സ്റ്റേഷനറി	9833/-
Unskilled Labour	20945409/-	മറ്റ് ചെലവുകൾ	88593/-
Material	2803506.92/-	ആകെ നേരിട്ടുള്ള ചെലവ്	1321812/-
ആകെ DBT വരവ്	24430230.92/-	മുൻകൂർ തിരിച്ചടവ്	1768077/-
		നീക്കിയിരിപ്പ് (31/03/2024)	1124.63/-
ആകെ	27521244.55/-	ആകെ	27521244.55/-

1-7 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2023-24 വർഷം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി 5.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	26640/-	17

വാർദ്ധക്യകാലപെൻഷൻ	34713600/-	3323
കർഷകതൊഴിലാളി പെൻഷൻ	3884400/-	334
വിധവാപെൻഷൻ	13460200/-	1242
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	373800/-	34
സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിധവാ ധനസഹായം	120000/-	4
വികലാംഗ പെൻഷൻ	3972500/-	361
ആകെ	56551140/-	5315

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 24/07/2024 തീയതിയിൽ 03:15 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 19,464/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വളരെ മികച്ച രീതിയിലാണെന്ന് മനസ്സിലാക്കുന്നു. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനത്തിൽ അഭിനന്ദനാർഹമായ നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12/09/2018 മുതൽ 22/09/2018 വരെ.	2014-15 മുതൽ 2017-18 വരെ	LBA(HQ)II/I/08/A-102 /2018-19/223

1-11 ബാങ്ക് അക്കൗണ്ട് - കോൺട്രാ രേഖപ്പെടുത്തലിൽ വന്ന അപാകതകൾ

പഞ്ചായത്തിന്റെ 31/03/2024 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 450210102-Co-Operative Bank Account Of Own Revenue Fund ശീർഷകത്തിൽ 53,887/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ പ്രസ്തുത ശീർഷക പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നിലവിലില്ലാത്തതാണ്. അക്കൗണ്ട് നമ്പർ ഇല്ലാതെ ബാങ്ക് അക്കൗണ്ട് ശീർഷകം നിലനിൽക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 16/29.07.2024) മറുപടി ലഭ്യമാക്കി. 19-8-2022 ലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 53887/-രൂപ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ അടവാക്കിയിരുന്നുവെങ്കിലും കോൺട്രാ രേഖപ്പെടുത്തിയപ്പോൾ നെറ്റ് വർക്ക് തകരാർ മൂലം പഞ്ചായത്തിന്റെ പേരിലില്ലാത്ത കണക്കു ശീർഷകത്തിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപാകത ഐകെഎം മുഖാന്തിരം 30-7-2024ന് പരിഹരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കോൺട്രാ രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധപുലർത്തേണ്ടതും അപാകത ആവർത്തിയ്ക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-12 വിവിധ ഏജൻസികളിലെ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് മുൻ വർഷങ്ങളിൽ ആവിഷ്കരിച്ച നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതായി കാണുന്നു. ധനകാര്യ പത്രിക B18 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ശീർഷകം	ഏജൻസി	നിക്ഷേപ തുക (രൂപ)
1.	460500201	കേരള വാട്ടർ അതോറിറ്റി	21664869
2.	460500202	കെ.എസ്.ഇ.ബി. ലിമിറ്റഡ്	2874119
3.	460500204	ഭൂജല വകുപ്പ്	1745921
4.	460500399	ആരോഗ്യ കേരളം (PHC കെട്ടിടം), സുജലം പദ്ധതി (മൈനർ ഇറിഗേഷൻ)	10030000
5.	460500401	നിർമ്മിതി കേന്ദ്രം	3300000
6.	460500499	ക്ലീൻ കേരള കമ്പനി	982943
7	460500499	NREGA സംസ്ഥാന മിഷൻ	200000

2014-15 മുതൽ നിക്ഷേപിക്കപ്പെട്ട തുകകൾ വിനിയോഗിക്കാൻ ശേഷിക്കുന്നതായാണ് അഡ്വാൻസ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (05/26.07.24) യ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പലതവണ കത്ത് നൽകിയിട്ടും വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതികൾ പൂർത്തീകരിച്ച്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13 വിവിധോദ്ദേശ്യ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കുന്നതിന് നടപടികളില്ല

വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകളുടെ ക്രമീകരണ സാധ്യതകൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/26.07.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം	ഇനം	തുക (രൂപ)	ഗ്രാമപഞ്ചായത്ത് സമർപ്പിച്ച മറുപടി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള അഭിപ്രായക്കുറിപ്പുകൾ
320100181	Total Sanitation Campaign	196518	2024-25 വാർഷിക പദ്ധതി റിവിഷനിൽ ഉൾപ്പെടുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു
320100196	ICDS Central Share	3700575	SNP യ്ക്കായി ചെലവഴിച്ചതിന് ശേഷം ഫണ്ട് ബാലൻസ് ഉള്ളത് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിക്കാവുന്നതാണ്.
320800101	Beneficiary Contribution	458155	398495 രൂപ മുന്നിരിപ്പിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. 2023-24ൽ സമാഹരിച്ച് 79570/- രൂപ (Gee Bin വിതരണം) ചെലവഴിച്ചതിന് ശേഷം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്
320100198	Suchitwa Mission Grant	298705	2024-25 വാർഷിക പദ്ധതി റിവിഷനിൽ ഉൾപ്പെടുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു
320100999	Other Liabilities	126428	തുകകളുടെ കൃത്യത പരിശോധിച്ച് തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മറുപടിയിൽ പരാമർശിച്ചിട്ടുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വസ്തുനികുതി-പുതുക്കിയ നിരക്ക് ഈടാക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023 ലെ സ.ഉ.(കൈ) നം.77/2023 ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെ ജി

മോഹൻദാസിന്റെ 12/88B മുതൽ 12/88S വരെ നമ്പരിട്ട കെട്ടിടത്തിന് സാങ്കേതിക തകരാർ മൂലം പുതുക്കിയ നികുതി നിരക്ക് ബാധകമായിട്ടില്ല എന്ന് കാണുന്നു. ഐ കെ എം ആയി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് പുതുക്കിയ നിരക്ക് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ല കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(Ii) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം ജോലി ചെയ്യുന്ന വ്യക്തികൾക്ക് അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 78 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും എല്ലാ സ്ഥാപനങ്ങൾ ജീവനക്കാർ നികുതി ഒടുക്കിയതായി കാണുന്നില്ല. ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ പേര് താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം
1.	അഷ്ടാംഗ ആയുർവേദ കോളേജ്, തൃക്കൊടിത്താനം
2	A&B ഡിജിറ്റൽ വിഷൻ, തൃക്കൊടിത്താനം
3	ഓറിയന്റൽ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, തൃക്കൊടിത്താനം
4	മണിവേ ഫിനാൻസ്, തൃക്കൊടിത്താനം
5	ഫുഡ്കോ സൂപ്പർ മാർക്കറ്റ്, , തൃക്കൊടിത്താനം
6	UK ഏജൻസീസ് ട്രീറ്റ്മെന്റ് സെന്റർ, തൃക്കൊടിത്താനം
7	പൂവത്തിങ്കൽ വാഹന പുക പരിശോധന കേന്ദ്രം, തൃക്കൊടിത്താനം
8	തൊടി-മാത്തുപുറം ഗാർഡൻസ് & നഴ്സറി, തൃക്കൊടിത്താനം
9	കള്ള് ഷാപ്പ് നം 06,40,29,

തൊഴിൽനികുതി ഈടാക്കാത്ത നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 25/30.07.2024) മറുപടിയായി ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്വകാര്യ ഏജൻസികളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ വന്നിട്ടില്ലായെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാകുന്നു. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1.	BOND Estate & Financial Services, തൃക്കൊടിത്താനം
2.	JMJ Finance Limited, തൃക്കൊടിത്താനം
3.	The New India Assurance Co. Ltd. Office, തൃക്കൊടിത്താനം
4	SH Clinical Lab, തൃക്കൊടിത്താനം
5	CSC Digital Seva Kendra-തൃക്കൊടിത്താനം
6	അക്ഷയ കേന്ദ്രം-തൃക്കൊടിത്താനം
7	Radient Engineering Company & Consultancy,തൃക്കൊടിത്താനം
8	D-Construct Real Estate Builders & Construction, തൃക്കൊടിത്താനം
9.	HOSPICO Surgical Products Wholesaler, തൃക്കൊടിത്താനം
10	Diana Gold Buying & Selling Service, തൃക്കൊടിത്താനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26/30.07.2024) മറുപടിയായി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നൽകി 2023-24 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും ടി സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പട്ടിക പ്രകാരമുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ലംഘിച്ച് അനധികൃത കെട്ടിടത്തിൽ വാണിജ്യസ്ഥാപനം പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ വാണിജ്യ ആവശ്യത്തിന് നികുതി നിശ്ചയിച്ച 12 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിൽ (നം.17/112) ശ്രീ.റോയി ജോസഫ്/ജിജിമോൾ ജോസഫ് എന്നിവരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന സൂപ്പർ മാർക്കറ്റിന്റെ ലൈസൻസ് പുതുക്കുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷ പരിശോധിച്ച പഞ്ചായത്ത് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയസോഫ്റ്റ് വെയർ പ്രകാരം 116 ച.മീ (വിവിധ നമ്പരുകളിൽ) ആണെന്ന് കാണുകയാൽ അപാകത പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. സ്ഥാപനം അപാകത പരിഹരിക്കുന്നതിനായി ഹാജരാക്കിയ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം 643.24 ച മീ ആണെന്ന് കാണുകയും ആയത് ക്രമവത്കരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സ്ഥാപന ഉടമ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിലവിൽ പ്രവർത്തനം തുടരുന്ന സ്ഥാപനം പഞ്ചായത്ത് രാജ് നിയമവും, ചട്ടങ്ങളും ലംഘിക്കുന്നത് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

. കേരള പഞ്ചായത്ത് രാജ് നിയമം 232,233 വകുപ്പുകൾ പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പ്രദേശത്തെ ഒരു സ്ഥലവും വ്യാപാര/വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ ചട്ടം ലംഘിച്ചാണ് നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നത്.

- കേരള പഞ്ചായത്ത് രാജ് നിയമം 235 W വകുപ്പ് പ്രകാരം അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടം ക്രമവത്കരിച്ചിട്ടില്ല. (പെർമിറ്റ് ഫീസിന്റെ ഇരട്ടി ക്രമവത്കരിക്കുന്നതിന് ഈടാക്കാവുന്നതാണ്).
- കേരള പഞ്ചായത്ത് രാജ് നിയമം 236(13) പ്രകാരം ക്രമവത്കരിക്കാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് നല്കാൻ കഴിയില്ല (ലൈസൻസ് ഫീസ് നഷ്ടം).
- അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടം ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി വസ്തു നികുതി ഈടാക്കാവുന്നതാണ്. (അനധികൃത ഭാഗത്തിന് വസ്തു നികുതി ലഭിക്കുന്നില്ല).
- സ്ഥാപനത്തിന്റെ വിറ്റ് വരവിന് ആനുപാതികമായി ഈടാക്കുന്ന സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ നഷ്ടപ്പെടുന്നു.

2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താത്തതുമൂലമാണ് ഇത്രയും ബൃഹത്തായ ഒരു നിർമ്മാണം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അനധികൃത കെട്ടടനിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടും അതിനെതിരെ അടിയന്തിരനടപടികൾ സ്വീകരിക്കാത്തത് ഗൗരവമേറിയ വീഴ്ചയാണ്. അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ (നം.08/28-7-24) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ, പ്രസ്തുത കെട്ടിടത്തിന് താൽക്കാലിക നമ്പർ അനുവദിച്ച് കെട്ടിട നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും അതിൻ കീഴിലുള്ള ചട്ടങ്ങളും ലംഘിച്ചാണെന്നുള്ളത് ഗൗരവമായി കണ്ട് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 അധികമേൽക്കൂര - പെർമിറ്റ് എടുക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 74 പ്രകാരം മൂന്ന് നിലകൾ വരെയുള്ളതും ഉയരം 10 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്ക് ടെറസിന് മുകളിൽ പരമാവധി 2.4 മീറ്റർ വരെ ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചെരിഞ്ഞ മേൽക്കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നല്കാവുന്നതാണ്. അപേക്ഷഫീസും പെർമിറ്റ് ഫീസും ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവയിലേതു പോലെ ആകേണ്ടതാണ്. എന്നാൽ ഇത്തരം നിർമ്മാണങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഫീസീടാക്കി പെർമിറ്റ് അനുവദിക്കുന്നില്ല. ഇതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര നം	പെർമിറ്റ് നംപർ ഉടമ	പെർമിറ്റ് പ്രകാരമുള്ള തറവിസ്തൃതി	ഈടാക്കിയ ഫീസ് (100രൂപ നിരക്കിൽ)	മേൽക്കൂര ഉൾപ്പെടുത്തിയുള്ള തറവിസ്തൃതി
1	SC1-BA(374173)23 Dt.14-11-2023 ഷിനു ലാൽ,ചിറയിൽ	275.72	27573	385.72
2	SC1-BA(283178)23 Dt.22-08-2023 ജോർജ് ജോസഫ്, കടാംതോട്	267.09	26709	367.66
3	SC1-BA(82722)24 Dt.05-03-2024	121 Existing 377.16proposed 498.16 Total	56574 (377.16*150)	615.11 377.16+116.95 Proposed

	ഷിജുമോൻ, തൈപ്പറമ്പിൽ			

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/30.07.2024) മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.07.2024 ലെ ജി.ഒ(എം.എസ്) 97/2024 നമ്പർ ഉത്തരവ് പ്രകാരം പെർമിറ്റ് ഫീസ് നിരക്ക് സർക്കാർ പരിഷ്കരിച്ചിട്ടുള്ളതിനാൽ തദനുസരണമുള്ള ഫീസ് ഈടാക്കി നിർമ്മാണം ക്രമീകരിക്കേണ്ടതാണ്. സമാന രീതിയിൽ 2023-24 വർഷം പെർമിറ്റ്, കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ പ്ലാനുകൾ പുനപരിശോധിച്ച് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 74 പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-19 പഞ്ചായത്ത് ലൈസൻസ് കൂടാതെ വ്യവസായം നടത്തുന്നു-ക്രമപ്രകാരമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങൾ പ്രകാരം 2022-23 വരെ ലൈസൻസ് എടുത്ത് പ്രവർത്തിച്ച് വന്നിരുന്ന അശോക് മാച്ചസ് എന്ന വ്യവസായ സ്ഥാപനം 2023-24 വർഷം ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ പുതുക്കി നല്കിയിട്ടില്ല. അപേക്ഷ പരിശോധിച്ചതിൽ തീപ്പെട്ടി കോലുകളുടെ നിർമ്മാണം (കെമിക്കൽ ഇല്ലാതെ) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വ്യവസായ സ്ഥാപനം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഏത് വിഭാഗത്തിലാണ് വരുന്നതെന്ന് (Red,Green Etc.) രേഖാ മൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ (7/28-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി Green വിഭാഗത്തിലാണ് സ്ഥാപനം എന്നും 10 HP, 11 HP മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിനാൽ മലിനീകരണ സാദ്ധ്യതയുള്ളതിനാലാണ് ലൈസൻസ് പുതുക്കി നല്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ PCB സർട്ടിഫിക്കറ്റ് ഹാജരാക്കാതെയും പഞ്ചായത്ത് ലൈസൻസ് ഇല്ലാതെയും സ്ഥാപനം പ്രവർത്തിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് അപകടസാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

1-20 ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രസിഡന്റ് നല്കുന്ന ഏതൊരു ലൈസൻസിനും II ആം പട്ടികയിൽ പറഞ്ഞിരിക്കുന്ന തുകയിൽ അധികമാകാതെ ഫീസ് പഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ പ്രത്യേക കാരണങ്ങൾ രേഖപ്പെടുത്താതെയും ഭരണ സമിതി ഏതെങ്കിലും തീരുമാനങ്ങൾ എടുക്കാതെയും പട്ടികയിൽ നിന്നും വ്യത്യസ്തമായ നിരക്കിൽ ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരം സാഹചര്യത്തിൽ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യം പരിഗണിച്ച് പരമാവധി ഫീസ് ഈടാക്കാത്തതു മൂലം ഫീസിനത്തിൽ കുറവ് വന്നിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

രജിസ്റ്ററിലെ ക്ര നം	പേര്, സ്ഥാപനം	ഈടാക്കിയ ഫീസ്	ഈടാക്കാവുന്നത് (പരമാവധി)	കുറവ്
23	ടോംസൺ സേവ്യർ സ്വർണം വെള്ളി വ്യാപാരം	1500	5000	3500
253	അശോക് മാച്ചസ്	1500	5000	3500

254	അശോക് മാച്ചസ്	1500	5000	3500
268	റീത്താമ്മ, ഹോളോ ബ്രിക്സ്	1500	5000	3500

സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കവിയാത്തതിനാൽ പരമാവധി ഈടാക്കാവുന്നത് 500 രൂപയാണെന്നും 1500 രൂപ ഈടാക്കിയതിനാൽ നഷ്ടം വന്നിട്ടില്ല എന്നും (11/29-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി നടത്തുന്ന പരിശോധനയിൽ 10 ലക്ഷം രൂപക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ 500 രൂപക്ക് മുകളിൽ ഫീസ് ചുമത്താൻ കഴിയൂ. സ്വർണ്ണം/വെള്ളി വ്യാപാരത്തിനുപോലും മൂലധനനിക്ഷേപം 5ലക്ഷം രൂപയിൽ കുറവാണെന്ന സെക്രട്ടറിയുടെ വിശദീകരണം അംഗീകാരയോഗ്യമല്ല. ഈ സാഹചര്യത്തിൽ യഥാർത്ഥ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-21 ആസ്തി രജിസ്റ്റർ കാലികമാക്കൽ -പൂർത്തീകരണത്തിലെത്തിയില്ല

പ്രോജക്ട് നം./പേര്	251/24 ആസ്തി രജിസ്റ്റർ കാലികമാക്കൽ
അടങ്കൽ	2,16,000/-(തനത് ഫണ്ട്)
ചെലവ്	2,16,000/-(വൗച്ചർനം 22301517/27-3-24)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പൊതു ആസ്തി വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് Centre For Social &Resource Developement എന്ന സ്ഥാപനത്തിനെ ഏൽപ്പിക്കുകയും കരാറിലേർപ്പെടുകയും ചെയ്തിരുന്നു. 2022 ൽ തയ്യാറാക്കിയ കരാറിൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല. കരാർ , CSRD യുടെ കത്ത് എന്നിവ പ്രകാരം 4മാസമായിരുന്നു പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി. 2022-23 വർഷം 3,24,000/- രൂപയും 2023-24 വർഷം 2,16,000/- രൂപയുമുൾപ്പടെ കരാർ പ്രകാരമുള്ള മുഴുവൻ തുകയായ 5,40,000/-രൂപയും സ്ഥാപനത്തിന് നൽകിയിരുന്നു. വാർഡ് അടിസ്ഥാനത്തിൽ പ്രിന്റ് എടുത്ത് ബൈന്റ് ചെയ്ത പുസ്തകം -റിപ്പോർട്ട്, സിഡി, ഭൂപടം, സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നിവ ലഭ്യമായിരുന്നോയെന്നും ഡിജിറ്റലൈസേഷന്റെ പുരോഗതി വിവരങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 17/30.07.2024) നൽകിയിരുന്നു. R Track ൽ ലഭ്യമായ വിവരങ്ങളുടെ വെരിഫിക്കേഷൻ അസി.എഞ്ചിനീയർ തലത്തിൽ 100%വും അസി.എക്സി.എഞ്ചിനീയർ തലത്തിൽ 25% വും പൂർത്തീകരിക്കേണ്ടതുണ്ടെന്നും R Track സോഫ്റ്റ് വെയറിലെ അപാകതകൾ കാരണം വെരിഫിക്കേഷൻ മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യമാണെന്ന വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. ചീഫ് എഞ്ചിനീയർ മുഖേന സോഫ്റ്റ് വെയറിലെ പോരായ്മകൾ പരിഹരിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കി ആസ്തി ഡിജിറ്റലൈസേഷൻ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്. ടിയിനത്തിൽ തൻവർഷം ചെലവഴിച്ച 2,16,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 നടപടിക്രമങ്ങൾ പാലിക്കാതെ ആഞ്ഞിലിവേലിക്കുളം ഇരുപ്പാതോട് ക്ലീനിംഗിനായി തുക ചെലഴിച്ചു.

റെയിൽവേ പാലം മുതൽ ആഞ്ഞിലിവേലിക്കുളം വരെയുള്ള ഇരുപ്പാതോട് വൃത്തിയാക്കുന്നതിനായി ശ്രീ.ബാബു.എം.എം, കവലയ്ക്കൽ, ചീരംചിറ എന്ന വ്യക്തിക്ക് 4ബില്ലുകൾ പ്രകാരം 199200/-രൂപ നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം./ തീയതി	തുക	ചെക്ക് നം./ തീയതി
22300794/8.11.23	49800-498(IT)=49302	24232/8.11.23
22300798/8.11.23	49800-498(IT)=49302	24232/8.11.23
22300799/8.11.23	49800-498(IT)=49302	24232/8.11.23
22300800/8.11.23	49800-498(IT)=49302	24232/8.11.23
ആകെ	199200-1992(IT)= 197208/-	

എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതിക അനുമതി, ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങൽ തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ടി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തി നടത്തുന്ന കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് വർക്ക് ഓർഡർ നൽകുകയോ പ്രവൃത്തി നടത്തുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മേൽനോട്ടം വഹിക്കുകയോ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തുക അനുവദിക്കാൻ കഴിയില്ല എന്ന് സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിരുന്നു. ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ട് തയ്യാറാക്കുകയും ജില്ലാആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങാതെ തുക ചെലവഴിക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/30.7.24) മറുപടിയായി മഴക്കെടുതികളുടെ പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാകളക്ടർ വിളിച്ചു ചേർത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗത്തിൽ മഴക്കാലത്ത് വെള്ളം കയറാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര സാഹചര്യം പരിഗണിച്ചാണ്പ്രവൃത്തി നടപ്പിലാക്കിയതെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ ഇത്തരം ഒരു അടിയന്തിര സാഹചര്യം ഉണ്ടായിരുന്നതായി വ്യക്തമാക്കപ്പെട്ടിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടപടിക്രമങ്ങൾ പാലിച്ച് മാത്രം നിർവ്വഹണം നടത്തേണ്ടിയിരുന്ന മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപടിക്രമങ്ങൾ പാലിച്ച് മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശിക നിലനിൽക്കുന്നു.

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കുടിശ്ശിക 2024 മാർച്ച് മാസം വരെ ഗ്രാമപഞ്ചായത്ത് 10295317/-രൂപ അടവാക്കാനുള്ളതായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യക്തമാവുന്നു. കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് 31/07/2023 ൽ നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം 115 ആയി പുനർ നിർണ്ണയിച്ചിരുന്നു. 6/12/2023ലെ 10(1)നം. കമ്മിറ്റി തീരുമാനപ്രകാരം 46 പൊതുടാപ്പുകൾകൂടി കട്ട് ചെയ്യുന്നതിന് തീരുമാനം എടുത്തിരുന്നു. സംയുക്ത പരിശോധന നടത്തിയ ശേഷം ഇരു കക്ഷികളും അത് അംഗീകരിച്ച് ഒഴിവാക്കേണ്ട കണക്ഷനുകൾ വിഛേദിക്കുന്നതിനുള്ള തുക ഡിപ്പോസിറ്റ് ചെയ്ത് ടി പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമേ ടി കണക്ഷനുകൾ കുറവ് ചെയ്യുകയുള്ളൂ എന്ന്

വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ 13/12/2023 ലെ AB3-3616/2019 കത്ത് മുഖേന ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എങ്കിലും KWAയിൽ നിന്നും, ഒഴിവാക്കേണ്ട കണക്ഷനുകൾ വിച്ഛേദിക്കുന്നതിനായി എത്ര തുക, ഡെപ്പോസിറ്റ് ചെയ്യണമെന്ന ഡിമാന്റ് നോട്ടീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. നിലവിൽ 157 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 190480/-രൂപയാണ് ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 2010-11 മുതൽ 2019-20വരെയുള്ള കാലയളവിൽ 17,83,226/-രൂപ സർക്കാർ നേരിട്ട് കുറവ് ചെയ്തിട്ടുള്ളതാണ്. സംയുക്ത പരിശോധനയുടെ ഫലമായി കുറവ് വരുത്തിയ ടാപ്പുകളുടെ എണ്ണത്തിനനുസൃതമായ വാട്ടർ ചാർജല്ല നിലവിലും ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കി വരുന്നത്. വാട്ടർ അതോറിറ്റിയുമായി ഭരണസമിതി തലത്തിൽ ഇടപെടൽ നടത്തി കുടിശിക സംബന്ധിച്ച് വ്യക്തത വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/29.7.24) മറുപടിയായി ടി വിഷയം സംബന്ധിച്ച് ഭരണസമിതിയിൽ അജണ്ടയായി ഉൾപ്പെടുത്തി തീരുമാനം എടുത്തിട്ടുള്ളതും ആയതു പ്രകാരം പഞ്ചായത്ത് പ്രസിഡണ്ടും, സെക്രട്ടറിയും, അംഗങ്ങളും വാട്ടർ അതോറിറ്റി അധികൃതരുമായി നേരിൽ ബന്ധപ്പെട്ട് നേരിട്ട് ചെന്ന് വിഷയത്തിന് പരിഹാരമുണ്ടാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണെന്നും അറിയിച്ചു. ടി വിഷയത്തിലെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-24 വിള ആരോഗ്യപരിപാലന കേന്ദ്രം - മരുന്നുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല

പ്രോജക്ടിന്റെ പേര് / പ്രോജക്ട് നമ്പർ	വിള ആരോഗ്യപരിപാലന കേന്ദ്രം , 26/2024
അടങ്കൽ/ ഫണ്ടിനം	50000/- രൂപ വികസനഫണ്ട്(സാധാരണ വിഹിതം)
ചെലവ് തുക	50000/- രൂപ
ചെലവ് വിശദാംശം	ബിൽ നം. 294/28.12.23
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

വിള ആരോഗ്യപരിപാലന കേന്ദ്രം എന്ന പ്രൊജക്റ്റ് പ്രകാരം വിളകളിൽ ഉണ്ടാകുന്ന രോഗങ്ങൾ, കീടങ്ങൾ എന്നിവയ്ക്കുള്ള മരുന്ന്, വിള ആരോഗ്യ കേന്ദ്രം വഴി 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി പൊതുവിഭാഗം വികസനഫണ്ടിൽനിന്ന് 50000/- രൂപ വകയിരുത്തി വാങ്ങിയിരുന്നു. എന്നാൽ വാങ്ങിയ മരുന്നുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പെൻസിൽ ഉപയോഗിച്ച് നടത്തിയതിനാൽ ആയതിന്റെ ആധികാരികതയും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 30/31.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണമായി വിതരണം ചെയ്യാത്തതിനാൽ വാങ്ങലിനു ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരികമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

പ്രോജക്ട് നമ്പരും പേരും	ഫണ്ടിനം	അടങ്കൽ	ചെലവ്	ബിൽ നമ്പർ/ തീയതി

40/24 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ	മെയിന്റനൻസ് ഫണ്ട് -റോഡിതരം	300,000	300,000	131/15.10.23

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് നിന്നും ബിൽ നമ്പർ 131/15.10.23 പ്രകാരം 300000/ രൂപ പിൻവലിച്ച് ഹോംകോയിൽ അടവാക്കിയതിൽ 174529/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/30.07.2024) സമർപ്പിച്ച മറുപടിയിൽ മരുന്നുകൾ എത്രയും വേഗം നൽകാൻ ആവശ്യപ്പെട്ട് ഹോംകോയ്ക്ക് മെയിൽ അയച്ചിട്ടുണ്ടെന്നും, മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണെന്ന് ഹോംകോയിൽ നിന്ന് ടെലഫോൺ മുഖേന അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക്, വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതു വരെ 174529/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വിവിധ നിക്ഷേപപ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പ്രൊ.നം & പേര്	നിക്ഷേപിച്ച തുക	ഏജൻസി
1	പ്രൊജക്ട് നം. 259/24, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	3,48,864/-(Bill No 14/9-1-24)	KSEB Electrical Section , Thrikkodithanam
2	പ്രൊജക്ട് നം. 252/24, വിവിധ വാർഡുകളിൽ കെഎസ്ഇബി യുടെ പോസ്റ്റ് മാറ്റിയിടൽ	1,15,460/- (Vr No 22301302/29-2-24)	KSEB Electrical Section , Thrikkodithanam
	ആകെ	4,64,324/-	

മേൽപ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/30.07.2024) മറുപടിയായി കെഎസ്ഇബിയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 4,64,324/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 അക്രഡിറ്റഡ്ഏജൻസി വഴി നിർവ്വഹണം-അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം കെൽട്രോൺ നിർവ്വഹണ ഏജൻസിയായി 8 മീറ്റർ 120*4 മിനിമാസ്റ്റ് ലൈറ്റ് 3 എണ്ണവും 8 മീറ്റർ 150*5 മീഡിയം മാസ്റ്റ് ലൈറ്റ് 3 എണ്ണവും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട് . ചെലവ് വിവരം ചുവടെ ചേർക്കുന്നു.

8 മീറ്റർ 150*5 മീഡിയം മാസ്റ്റ് ലൈറ്റ് (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 315/24		8 മീറ്റർ 120*4 മിനിമാസ്റ്റ് ലൈറ്റ് (തനത് ഫണ്ട്) 261/23-24	
8 മീറ്റർ 150*5 മീഡിയം മാസ്റ്റ് ലൈറ്റ് 3 എണ്ണം	466016.94	8 മീറ്റർ 120*4 മിനിമാസ്റ്റ് ലൈറ്റ് 3 എണ്ണം	419491.53
ജി എസ് റ്റി	83883.04	ജി എസ് റ്റി	75508.48
ആകെ	549899.98	ആകെ (22-23 ലെ ചെലവ് തുക ഉൾപ്പെടെ)	495000.01
പൂർണ്ണ സംഖ്യയിൽ	549900.00	പൂർണ്ണ സംഖ്യയിൽ (2022-23, 23-24 വർഷങ്ങളിലായി)	495000.00

- വാങ്ങലിനൊപ്പം സിവിൽ പ്രവൃത്തികളും ഉൾപ്പെടുന്നതിനാൽ DSR പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിർവ്വഹണ ഏജൻസി സാങ്കേതിക അനുമതി നല്കുകയും ചെയ്യേണ്ടതുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം (CP)ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് വർക്ക് അവാർഡ് ചെയ്യുന്ന വകുപ്പിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ മേൽ പറഞ്ഞ 2 പ്രോജക്ടുകളിലും ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നല്കിയിരുന്നില്ല.
- പ്രവൃത്തി പൂർത്തിയായ ശേഷം അളവ് പുസ്തകം ഗ്രാമപഞ്ചായത്തിന് നൽകാത്തതിനാൽ കൈമാറിയ തുകയുടെ മൂല്യമുള്ള പ്രവൃത്തി നടന്നു എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.
- GO(P) No 67/2021/Fin Dated28-04-2021 പ്രകാരം Non Pmc ആയി പ്രവൃത്തി ഏറ്റെടുക്കുന്ന ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ എസ്റ്റിമേറ്റ് തുക/വേലമൂല്യം ഏതാണോ കുറവ് അതിന്റെ 0.5% തുക തിരികെ ഈടാക്കേണ്ടതുണ്ട്. കെൽട്രോൺ പ്രവൃത്തി Non Pmc ആയി ഏറ്റെടുത്തതിനാൽ 315/24 നമ്പർ പ്രോജക്ടിന്റെ ഫൈനൽ ബില്ലിൽ നിന്നും 2330/- രൂപയും 261/24 നമ്പർ പ്രോജക്ടിന്റെ ഫൈനൽ ബില്ലിൽ നിന്നും 2097/- രൂപയും കുറവ് ചെയ്യേണ്ടതായിരുന്നു. അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-28 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ -തുക മുഴുവൻ നൽകിയെങ്കിലും വാഹനം നാളിതുവരെ ലഭ്യമായില്ല.

പ്രോജക്ട് നം./പേര്	**240/24 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ**
അടങ്കൽ തുക	1,00,000/-(തനത് ഫണ്ട്) 6,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)

	7,00,000/-
ചെലവ് തുക	70,000/- (വൗച്ചർ നം 22301501/27-3-24) 5,00,000/- (Bill No 24/25-3-24) 5,70,000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഹരിതകർമ്മസേനയ്ക്ക് മാലിന്യനീക്കം ഫലപ്രദമാക്കുന്നതിനായി ഇലക്ട്രിക് വാഹനം (Battery Operated Three Wheeler) ജെം മുഖേന വാങ്ങുന്നതിന്റെ ഭാഗമായി ഫ്ലോററ്റ് ടെക് നോളജീസ് എന്ന സ്ഥാപനത്തിന് രജിസ്ട്രേഷൻ, ഇൻഷുറൻസ്, ജിഎസ്ടി എന്നിവയ്ക്കുള്ള തുകയായ 45000/- രൂപ ഉൾപ്പടെ 5,70,000/- രൂപ നൽകിയിരുന്നു. എന്നാൽ വാഹനം ഓഡിറ്റ് തീയതിവരെയും ലഭ്യമായതായി കാണുന്നില്ല. ഫ്ലോററ്റ് ടെക്നോളജീസിന്റെ 18-7-24ലെ കത്ത് പ്രകാരം വാഹനം ഡെലിവർ ചെയ്യുന്നതിന് 4 മാസത്തെ കാലതാമസമുണ്ടാകുമെന്ന് അറിയിച്ചിരുന്നു. വാഹനം ഡെലിവറി ചെയ്യേണ്ട കാലാവധി സംബന്ധിച്ച് കരാറിൽ പരാമർശിച്ചിരുന്നില്ല. വാഹനം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/30.07.2024) മറുപടിയായി വാഹനം ലഭ്യമായിട്ടില്ലായെന്നും ഓഗസ്റ്റ് മാസം തന്നെ ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിരുന്നു. വാഹനം ലഭ്യമായിട്ടില്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 5,70,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാഹനം ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

1-29 കുന്നുംപുറം ടേക്ക് എ ബ്രേക്കിന് കുഴൽക്കിണർ നിർമ്മാണം - ഭൂജലവകുപ്പിന് അധികതുക നൽകി

പ്രോജക്ട് നം./പേര്	**175/24 കുന്നുംപുറം ടേക്ക് എ ബ്രേക്കിന് കുഴൽക്കിണർ നിർമ്മാണം**
അടങ്കൽ തുക	1,02,541/- (തനത് ഫണ്ട്)
ചെലവ് തുക	1,02,541 (വൗച്ചർ നം 22300189/31-5-23)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കുന്നംപുറം ടേക്ക് എ ബ്രേക്കിന് ശുചിത്വ സമുച്ചയത്തിന് കുഴൽക്കിണർ നിർമ്മാണം, മോട്ടോർ, വാട്ടർ ടാങ്ക് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2021-22 -ൽ ഭൂജല വകുപ്പിന്റെ GWK/1503/2021/17-12-2021 നം ഡിമാന്റ് നോട്ടീസ് പ്രകാരം 71,000/-രൂപയും , GWK/1503/2022/25-3-22 നം ഡിമാന്റ് നോട്ടീസ് പ്രകാരം 2,00,000/-രൂപയും യഥാക്രമം 09-03-2022, 26-3-2022 എന്നീ തീയതികളിൽ ഭൂജല വകുപ്പ് കോട്ടയം ജില്ലാ ഓഫീസിൽ അടവാക്കിയിട്ടുണ്ട് (പ്രോജക്ട് നം.333/22).

എന്നാൽ ഭൂജല വകുപ്പിന്റെ 27-3-23 ലെ ജിഡബ്ല്യു കെ/1503/2021 നം കത്ത് പ്രകാരം മോട്ടോർ 5HPആയി ഉയർത്തി 2,28,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതു പ്രകാരം ഗ്രാമപഞ്ചായത്ത് ബാലൻസ് തുകയായി 1,02,541/-രൂപ 15-5-2023 തീയതിയിൽ GWD കോട്ടയം ഓഫീസിൽ അടവാക്കി (പ്രോജക്ട് നം.175/24). ഭൂജല വകുപ്പിന് അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2021-22 വർഷം GWD വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക	2,71,000/-
2023-24 വർഷം GWD വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക	1,02,541/-
ആകെ നൽകിയത്	3,73,541/-
എസ്റ്റിമേറ്റ് പ്രകാരം നൽകേണ്ടതുക	2,99,000/- (71,000+ 2,28,000)
അധികം നൽകിയ തുക	74,541/-

അധികത്തുക നൽകാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/30.07.2024) മറുപടിയായി പ്രസ്തുത വർക്കിനായി ആകെ 2,54,592/-രൂപ ചെലവഴിച്ചതായും 1,18,949/-രൂപ നീക്കിയിരുപ്പുള്ളതായും ഭൂജല വകുപ്പിൽ നിന്ന് അറിയിച്ചതായി സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഭൂജലവകുപ്പിൽ അധികം ശേഷിക്കുന്ന തുകയായ 1,18,949/-രൂപ തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 വ്യക്തിഗത ശൗചാലയം നിർമ്മാണം - അധികം തുക നല്കി

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വ്യക്തിഗത ശൗചാലയം നിർമ്മാണം എന്ന പ്രോജക്ടിനുവേണ്ടി (287/24) കേന്ദ്രാവിഷ്കൃത ഫണ്ട് 468000/- രൂപയും തനത് ഫണ്ട് 136000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 40 ഗുണഭോക്താക്കളെയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇതിൽ 39 ഗുണഭോക്താക്കൾ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി യൂണിറ്റ് ചെലവായ 15400/- രൂപ വീതം കൈപ്പറ്റിയിട്ടുള്ളത്. പ്രവൃത്തിനിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവായ തങ്കമ്മ രവീന്ദ്രന് 15400/- രൂപ നൽകേണ്ടതിന് പകരം 18800/- രൂപ നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	നല്കിയ തുക	ഫണ്ടിനം	ബിൽ തുക/ ചെക്ക് നം
തങ്കമ്മ രവീന്ദ്രൻ	3400	തനത് ഫണ്ട്	78200/- 5098521/11-3-24
	3400	തനത് ഫണ്ട്	37400/-5098523/15-3-24
	12000	ശുചിത്വമിഷൻ ഗ്രാന്റ്	72000/- IDBI/ PFMSവൗച്ചർ നം 22301292/29-2-24
	18800/- അധികം നല്കിയത് =3400/- (18800-15400)		

ബില്ലുകൾ പ്രകാരം ശ്രീമതി ഷീലാ രഞ്ജിതിന് 15400/- രൂപയും സിന്ധു ഹരിദാസിന് 3400/- രൂപയും നല്കിയിട്ടുണ്ട്. എന്നാൽ ഇവരുടെ വ്യക്തിഗത ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	നല്കിയ തുക	ഫണ്ടിനം	ബിൽ തുക/ ചെക്ക് നം

ഷീലാ രഞ്ജിത്	3400	തനത് ഫണ്ട്	13600/-5098526/20-3-24
	12000	ശുചിത്വമിഷൻ ഗ്രാന്റ്	48000/-IDBI/ PFMSവൗച്ചർ നം 22301432/21-3-24
സിന്ധുഹരിദാസ്	3400	തനത് ഫണ്ട്	37400/-5098523/15-3-24
ആകെ	18800/-		

അപാകതകളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ (22/30-7-24)നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ തങ്കമ്മ രവീന്ദ്രന് അധികം നല്കിയ 3400/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. രേഖകളില്ലാതെ ചെലവഴിച്ച 18800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ഫണ്ട് വിനിയോഗം-1

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ റിംഗ് കംപോസ്റ്റ് വിതരണ പ്രോജക്ട് (294/24) പ്രകാരം 200 യൂണിറ്റ് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. ടെണ്ടർ നടപടികളിലൂടെ പ്രോജക്ട് ഏറ്റെടുത്ത Raidco തൻവർഷം 105 യൂണിറ്റ് 2924/-രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 25 ഗുണഭോക്താക്കൾ റിംഗ് കംപോസ്റ്റ് ലഭിക്കുന്നതിന് ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്. പ്രോജക്ടിനായുള്ള ഫണ്ട് വിഭജനവും തൻവർഷത്തെ ചെലവ് വിവരവും ചുവടെ ചേർക്കുന്നു (ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നം/തീ 667/29-3-24 പ്രകാരം 116960/- രൂപയും, 668/30-3-24പ്രകാരം 190060/-രൂപയും ഉൾപ്പെടെ ആകെ 307020/-രൂപ ചെലവഴിച്ചു).

ഫണ്ടിനം	ഫണ്ട് വകയിരുത്തിയത്		ചെലവ്
	1 യൂണിറ്റിന് ചെലവ്	105 യൂണിറ്റിന് ചെലവ്	105 യൂണിറ്റിന്
തദ്ദേശ സ്ഥാപന വിഹിതം 60% (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	1755	184275	307020
സംസ്ഥാനാവിഷ്കൃത വിഹിതം30% (ശുചിത്വ മിഷൻ ഗ്രാന്റ്)	877	92085	00
ഗുണഭോക്തൃവിഹിതം 10%	292	30660	00
ആകെ	2924	307020	00

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിൽ നിന്നും വിരുദ്ധമായി ചെലവഴിച്ച 122745/- രൂപ (307020-184275) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികതുക ചെലവഴിച്ചതിനും പ്രോജക്ടിന് വേണ്ടി ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കിയ 30660/- രൂപ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനും, കണക്കുകൾ സമർപ്പിച്ച് ശുചിത്വമിഷൻ ഗ്രാന്റ് വാങ്ങിയെടുക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ (09/28-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പ്രോജക്ട് സ്പിൽ ഓവറാക്കി തുടർ

വർഷം പൂർത്തീകരിക്കുമെന്നും ആ സമയത്ത് ബാക്കി ഫണ്ടുകൾ വിനിയോഗിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ഫണ്ട് വിനിയോഗം-2

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ജീ-ബിൻ വിതരണ പ്രോജക്ട് (295/24) പ്രകാരം 500 യൂണിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ഇട്ടിരുന്നത്. ടെണ്ടർ നടപടികളിലൂടെ പ്രോജക്ട് ഏറ്റെടുത്ത ഇടനാട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഓഡിറ്റ് വർഷം 200 യൂണിറ്റ് 3650/- രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിനായുള്ള ഫണ്ട് വിഭജനവും തൻവർഷത്തെ ചെലവ് വിവരവും ചുവടെ ചേർക്കുന്നു. (ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നം/തീ 615/25-3-24 പ്രകാരം 255500/- രൂപയും,655/27-3-24 പ്രകാരം 474500/-രൂപയും ഉൾപ്പെടെ ആകെ 730000/-രൂപ തൻവർഷം ചെലവഴിച്ചു).

ഫണ്ടിനം	ഫണ്ട് വകയിരുത്തിയത്		ചെലവ്
	1 യൂണിറ്റിന് ചെലവ്	200 യൂണിറ്റിന് ചെലവ്	200 യൂണിറ്റിന് ആകെ ചെലവ്
തദ്ദേശ സ്ഥാപന വിഹിതം 60% (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	2190	438000	730000/-
സംസ്ഥാനാവിഷ്കൃത വിഹിതം30%(ശുചിത്വ മിഷൻ ഗ്രാന്റ്)	1095	219000	00
ഗുണഭോക്തൃവിഹിതം 10%	365	73000	00
ആകെ	3650	730000/-	00

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് പ്രോജക്ടിൽ നിന്നും വിരുദ്ധമായി ചെലവഴിച്ച 292000/- രൂപ (730000-438000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികതുക ചെലവഴിച്ചതിനും പ്രോജക്ടിന് വേണ്ടി ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച 73000/- രൂപ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനും കണക്കുകൾ നല്കി ശുചിത്വമിഷൻ ഗ്രാന്റ് വാങ്ങിയെടുക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ (10/28-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പ്രോജക്ട് സ്പിൽ ഓവറാക്കി തുടർ വർഷം പൂർത്തീകരിക്കുമെന്നും ആ സമയത്ത് ബാക്കി ഫണ്ടുകൾ വിനിയോഗിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-33 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി - കരാറുകാരന് അധികം തുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെമ്പുപുറം കുടിവെള്ള പദ്ധതി വാർഡ് 9 (പ്രോജക്ട് നമ്പർ 228/23-24) എന്ന പ്രോജക്ടിന് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയത്	ചെലവഴിച്ചത്
വികസനഫണ്ട്, ധനകാര്യകമ്മീഷൻ	200000/-	135894/-(537/28-03-2023)

(പ്രത്യേക ഉദ്ദേശ്യഗ്രാന്റ്)		60810/-(310/03-01-2024)
ആകെ (2022-23 വർഷത്തെ ചെലവ് ഉൾപ്പെടെ)	200000/-	196704/-

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 27-07-2024 തീയതിയിൽ സൈറ്റ് നേരിൽ പരിശോധിച്ചതിൽ നിലവിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ച് ഏകദേശം 8 മീറ്റർ ഉയരമുള്ള സ്റ്റാന്റ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. സമീപമുള്ള കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ടാങ്കിലെത്തിക്കുകയും സമീപഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുകയുമായിരുന്നു പദ്ധതി. തുടർന്ന് പ്രോജക്ട് നടപ്പാക്കണമെങ്കിൽ വിതരണ ലൈനുകൾ,ടാങ്ക് മോട്ടോർ, പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. നിലവിൽ ഈ പ്രദേശത്ത് ജൽജീവൻ പദ്ധതി പ്രകാരം ഹൗസ് കണക്ഷനുകൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പ്രോജക്ടിന്റെ ആവശ്യകത ഉറപ്പാക്കി മാത്രം തുടർ ചെലവുകൾ നടത്തേണ്ടതാണ്.

ശ്രീ. ലിനു ജോസ്(ബ്രൈറ്റ് മാർക്ക് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ്) എന്ന വ്യക്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറെടുത്ത് ചെയ്ത പ്രോജക്ടിന്റെ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 1.003ആയി ഉൾപ്പെടുത്തിയിരുന്നത് DSR Item 10.16.2 പ്രകാരം ജി ഐ പൈപ്പ് (Hot Finished Seamless Tubes) ഉപയോഗിച്ചുള്ള ഫ്രെയിംവർക്ക് ചെയ്ത് വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റ് നിർമ്മാണമായിരുന്നു (DSR 2018 Cost Index 36.44). DSR Item 10.16.2 പ്രകാരം ഈ പ്രവൃത്തിക്ക് നല്കാവുന്ന നിരക്ക് 186.53 രൂപ/Kg ആണ്. എന്നാൽ അളവ് പുസ്തക പ്രകാരം DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിവിഷൻ നടത്തിയപ്പോഴും ഇനം മാറ്റിയിരുന്നില്ല. ഇതിന് ഉപയോഗിച്ചിട്ടുള്ള 835.77 Kg സ്റ്റീലിന് അനുവദനീയമായ നിരക്ക് DSR Item 10.2 ന് ബാധകമായ 120.54/Kg ആണ് (അടിസ്ഥാന നിരക്ക് 88.35+36.44% Cost Index). പ്രവൃത്തിയുടെ മേൽനോട്ടം അളവ് രേഖപ്പെടുത്തൽ തുടങ്ങിയവ നിർവ്വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം/ വിശദീകരണം	എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയ തുക 186.53/Kg	ചെയ്ത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ നല്കാവുന്ന തുക 120.54/Kg
ഉപയോഗിച്ച 835.77 Kgസ്റ്റീലിന്	155896.17	100743.71
ജി എസ് റ്റി 18%	28061.31	18133.86
ആകെ	183957.48	118877.57
അധികം നല്കിയത് 183957.48-118877.57=65079.91 (65080/-)		

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ (12/28-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ അധികം നല്കിയ 65080/- രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. ജലജീവൻമിഷൻ പൂർത്തീകരിക്കുവാൻ 2 വർഷത്തിലധികം സമയമെടുക്കുമെന്നതിനാലാണ് പ്രോജക്ട് അവിഷ്കരിച്ചിട്ടുള്ളതെന്നും അറിയിച്ചു. അധികം നല്കിയ 65080/-രൂപ കരാറുകാരനിൽ

നിന്ന് തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ട് ഫലപ്രാപ്തിയിലെത്തുന്നതുവരെ നിരാകരിച്ച 65080/- രൂപ കിഴിച്ചുള്ള ചെലവ് തുക 131624/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി- പഞ്ചായത്തിന് അധികച്ചെലവ്

2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 43-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് എന്ന 188/23-24 നമ്പർ പ്രോജക്ടിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 150000/- രൂപ വകയിരുത്തുകയും 144614/- രൂപ (ബിൽ നം.18/30-01-24) ചെലവഴിക്കുകയും ചെയ്തിരുന്നു. ഫ്ലോറിംഗ്, പെയിന്റിംഗ്, വാട്ടർ ടാങ്ക് ഉയർത്തി സ്ഥാപിക്കൽ എന്നിവയായിരുന്നു പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. ശ്രീ. സന്തോഷ് മാത്യു എസ്റ്റിമേറ്റ് നിരക്കിൽ കരാറെടുത്ത് ചെയ്ത പ്രോജക്ടിന്റെ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 1.4 ആയി ഉൾപ്പെടുത്തിയിരുന്നത് DSR Item 10.16.1 പ്രകാരം ജി ഐ പൈപ്പ് (Hot Finished Welded Type Tubes) ഉപയോഗിച്ചുള്ള ഫ്രെയിംവർക്ക് നിർമ്മാണമായിരുന്നു (DSR 2018 Cost Index 36.44). DSR Item 10.16.1 പ്രകാരം ഈ പ്രവൃത്തിക്ക് നല്കാവുന്ന നിരക്ക് 169.87 രൂപ/Kg ആണ്. എന്നാൽ അളവ് പുസ്തക പ്രകാരം DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിവിഷൻ നടത്തിയിരുന്നില്ല. ഇതിന് കരാറുകാരൻ 673.73 Kg സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിന് അനുവദനീയമായ നിരക്ക് DSR Item 10.2 ന് ബാധകമായ 120.54/Kg ആണ് (അടിസ്ഥാന നിരക്ക് 88.35+36.44% Cost Index). പ്രവൃത്തിയുടെ മേൽനോട്ടം അളവ് രേഖപ്പെടുത്തൽ തുടങ്ങിയവ നിർവ്വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം/ വിശദീകരണം	എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയത്(നിരക്ക് 169.87/Kg)	ചെയ്ത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ നല്കാവുന്ന നിരക്ക് 120.54/Kg
ഉപയോഗിച്ച 673.73 Kg സ്റ്റീലിന്	**90187.38**/- (എസ്റ്റിമേറ്റ് അളവായ530.92kg ൽ പരിമിതപ്പെടുത്തി 169.87/Kg പ്രകാരം നല്കിയത്)	643.786*120.54=77601.96/- 29.946*169.87=5086.92/- ആകെ നല്കാവുന്നത്=**82688.88/-** (അളവുപുസ്തക പ്രകാരം ചെയ്ത അളവായ 673.73kg ൽ നിന്നും മറുപടി പ്രകാരമുള്ള 29.946 Kg കുറച്ച് 643.786 Kg ന് 120.54/Kg പ്രകാരംനല്കാവുന്നത്, ആകെ ഉപയോഗിച്ച പൈപ്പിന്റെ തൂക്കം പരിമിതപ്പെടുത്താതെ തന്നെ പരിഗണിച്ചിട്ടുണ്ട്)
ജി എസ് റ്റി 18%	16233.72	14883.99
ആകെ	106421.10/-	97572.87/-
അധികം നല്കിയത് 106421.10-97572.87= 8848.23 (8848/-)		

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 14/28-7-2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ അന്വേഷണക്കുറിപ്പിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി 29.946 Kg സ്റ്റീൽ 10.16.1 പ്രകാരമുള്ള ഇനം ആണെന്ന് അറിയിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിച്ച് ചെലവ് നഷ്ടം പുന ക്രമീകരിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള അധികച്ചെലവ് 8848/-രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-35 HMC ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിന്നും കണ്ടിജന്റ് ചെലവ്

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് തൻവർഷം തനത് ഫണ്ടിൽ നിന്നും 250000/- രൂപ കുടുംബാരോഗ്യകേന്ദ്രത്തിലെ കണ്ടിജന്റ് ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രം HMC ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നവയാണ് അവയിൽ ഏറിയ പങ്ക് ചെലവുകളും എന്ന് കാണുന്നു. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങൾ പ്രകാരം കണ്ടിജന്റ് ചെലവുകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വികസനത്തിനാവശ്യമായ മുഴുവൻ ചെലവുകളും നടത്തുന്നതിനായാണ് ആശുപത്രി വികനഫണ്ട് രൂപീകരിക്കേണ്ടത്. തദ്ദശസ്ഥാപനം, സർക്കാർ, വഴി ലഭ്യമാക്കുന്ന മുഴുവൻ തുകയും ഈ ഫണ്ടിൽ വരവ് ചേർക്കേണ്ടതും കമ്മറ്റിയുടെ അനുമതിയോടെ ചെലവ് ചെയ്യാവുന്നതുമാണ്. HMC ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതും തനത് ഫണ്ടിൽ നിന്നും നടത്തിയതുമായ ചെലവുകൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു. HMC നേരിട്ട് ഫീസ് പിരിക്കുന്ന ലാബ് ആവശ്യങ്ങൾക്ക് ഉള്ള ചെലവുകളും ഇതിൽപ്പെടുന്നു.

ക്ര നം	ഇനം	തുക
1	ഡ്രസ്സിംഗ് ഡ്രം	6636
2	ബ്ലീച്ചിംഗ് പൗഡർ	2625
3	പോളി പ്രോപലൈൻ	15010
4	ഫാൻ	14248
5	ഫയർ എക്സ്റ്റിംഗ്യൂഷർ	17192
6	ECG പേപ്പർ	954
7	ലാബ് റീജന്റ്	6272
8	ലാബ് റീജന്റ്	16464
9	തെർമോമീറ്റർ	5250
10	റീഫിൽ ഇൻക്	2700
11	സ്റ്റേഷനറി	1843
12	പ്രിന്റിംഗ്	9000

HMC ഫണ്ടിൽ തുക ലഭ്യമായിരിക്കെ പ്രോജക്ട് തയ്യാറാക്കി തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച നടപടി ക്രമപ്രകാരമല്ല. (നിലവിൽ പോലും കുടുംബാരോഗ്യകേന്ദ്രം HMC അക്കൗണ്ടിൽ 3.7 ലക്ഷത്തിൽ കൂടുതൽ രൂപ നീക്കിയിരിപ്പ് ഉള്ളതായി അറിയിച്ചിട്ടുണ്ട്). അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ (24/30-07-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ അടിയന്തിരാവശ്യങ്ങൾക്കുള്ള കരുതൽ എന്ന നിലയിലാണ് HMC ഫണ്ട് ചെലവഴിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം കണ്ടിജന്റ് ചെലവുകൾക്ക് തനത് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

1-36 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി യഥാവിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

1-37 വ്യക്തിഗത പ്രോജക്ട്-ഗുണഭോക്താവിന് അധികം തുക നല്കി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന 266/23-24 നമ്പർ സ്പിൽ ഓവർ പ്രോജക്ടിന് വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും തൻവർഷം 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം/തീ 4/17-6-23). മുൻ വർഷം 25000/- രൂപ വീതം മുൻകൂർ വാങ്ങിയ 2 പേരുടെ അവസാന ഗഡു (25000രൂപ വീതം) നല്കാനാണ് തുക ചെലവഴിച്ചത് (ഒരാൾക്ക് 50000/- രൂപ വീതമാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്). ഇതിൽ രമാദേവി, ആലുംപറമ്പ്, അമര, തൃക്കൊടിത്താനം എന്നയാൾ 2022-23 വർഷം 25000/- മുൻകൂറായും 16-6–2023 ൽ 25000/- രൂപ അവസാനഗഡുവായും വാങ്ങിയിട്ടുണ്ട്. എന്നാൽ ഓവർസിയറുടെ വാല്യുവേഷൻ പ്രകാരം 28730/- രൂപ മൂല്യമുള്ള പ്രവൃത്തി മാത്രമാണ് ടിയാരി നടത്തിയിട്ടുള്ളത്. വാല്യുവേഷനിൽ അധികമായി 21270/- രൂപ (50000-28730) നല്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 13/29-07-2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച തുക 21270/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

1-38 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും തുടങ്ങി, പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ തൃക്കോടിത്താനം ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക

പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

<u>ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ</u>

ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം	20
ആകെ ജനസംഖ്യ	37886
ആൾ താമസമുള്ള വീടുകളുടെ എണ്ണം	8877
പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	516
ഓരോ വാർഡിലും പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം	2

നിലവിൽആകെ സേനാംഗങ്ങളുടെ എണ്ണം 38 (വാർഡ് 5, 10 ഓരോ അംഗം വീതം) ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫ് ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എംസിഎഫുകളുടെ സ്ഥലപരിമിതി മൂലം ആയവ പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കൾ നിറഞ്ഞു കവിഞ്ഞിരിക്കുന്ന അവസ്ഥയിലാണ് ഉള്ളത്. ക്ലീൻ കേരളാ കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നില്ലെന്ന് കാണുന്നു. ആകയാൽ ലെഗസി മാലിന്യങ്ങൾ എം സി എഫിൽ കൂടിക്കിടക്കുന്ന അവസ്ഥയാണ്.

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

അജൈവ മാലിന്യ ശേഖരണത്തിനായി എല്ലാമാസവും 6-ാം തീയതി മുതൽ 25-ാം തീയതി വരെ ഹരിതകർമ്മസേന അംഗങ്ങൾ വീടുകളിൽ പേകുന്നു. മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ പ്രകാരം കൃത്യമായ ഇടവേളകളിൽ തന്നെ മാലിന്യം ശേഖരിക്കാൻ കഴിയുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ പ്രത്യേക ഡ്രൈവും നടത്താറുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. എങ്കിലും ചിലയിടങ്ങളിൽ വീടുകളിൽ നിന്നും നിസ്സഹകരണം ഉണ്ടാവുന്നുണ്ട്.

<u>മാലിന്യം വേർതിരിക്കൽ</u>

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ ഭൂരിഭാഗവും ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. പൊതു ഇടത്തിൽ നിന്നും ശേഖരിക്കുന്ന ജൈവമായവ സമീപത്ത് സ്ഥലം കണ്ടെത്തി കുഴിച്ച് മൂടുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ , പൊതു സ്ഥലങ്ങൾ , ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ ക്ലീൻ കേരളക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

<u>സാമൂഹിക അവബോധം സൃഷ്ടിക്കൽ</u>

ബോധവൽക്കരണത്തിന്റെ ഭാഗമായി നോട്ടീസ് അച്ചടിച്ച് എല്ലാ വീടുകളിലും വിതരണം ചെയ്തിട്ടുണ്ട്. മാലിന്യസംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

20 വാർഡുകളിലായി ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 38 ആണ്.രണ്ടു വാർഡുകളിലൊഴിച്ച് 18വാർഡുകളിലും രണ്ട് ഹരിത കർമ്മസേന അംഗങ്ങൾ വീതമുണ്ട്. 17 ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം ശരാശരി 10000 രൂപ വീതവും 21 അംഗങ്ങൾക്ക് 7000/-രൂപ മുതൽ 10000/-രൂപ വരെ വരുമാനം ലഭിക്കുന്നുണ്ട് . ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

പഞ്ചായത്തിന് സ്വന്തമായി എം.സി.എഫിനായി കെട്ടിടമില്ലായെന്നത് ഏറ്റവും വലിയ അപര്യാപ്തതയാണ്. വാടക കെട്ടിടത്തിലാണ് എംസിഎഫ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിലെ സൗകര്യം വളരെ പരിമിതമാണ്. ഏകദേശം മൂന്ന് മാസത്തെ പാഴ് വസ്തുക്കൾ മാത്രം ശേഖരിക്കാനുള്ള സ്ഥലമേ എംസിഎഫിനുള്ളൂ. ഹരിത സേനാംഗങ്ങൾക്ക് ഓഫീസ് മുറി , ഓഫീസ് ഫർണ്ണിച്ചർ, വസ്ത്രം മാറുന്നതിനുള്ള മുറി എന്നിവ സജ്ജീകരിച്ചിട്ടില്ല. കൂടാതെ എം സി എഫി ന് ചുറ്റുമതിലോ , ഗേറ്റോ ഇല്ലാത്തതിനാൽ ആളുകൾ തരം തിരിക്കാത്ത മാലിന്യങ്ങൾ എം സി എഫിലേയ്ക്ക് വലിച്ചെറിയുന്ന അവസ്ഥയുമുണ്ട്. സേനാംഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഹരിത കർമ്മ സേനയ്ക്കായി പ്രത്യേക ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കി തുക നൽകിയിരുന്നുവെങ്കിലും വാഹനം നാളിതുവരെ ലഭ്യമായിട്ടില്ല. നിലവിൽ വാഹനം വാടകയ്ക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതിനുമായുള്ള "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ് സിസ്റ്റം " പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് വരുന്നതേയുള്ളൂ.

<u>MCF/RRF (Material Collection Fecility/Resource Recovery Facility)</u>

ഗ്രാമപഞ്ചായത്തിന് സ്വന്തമായി എംസിഎഫിന് കെട്ടിടമില്ലായെന്നത് ഏറ്റവും വലിയ പോരായ്മയാണ്. 20 വാർഡുകളും നാല്പതിനായിരത്തിനടുത്ത് ജനസംഖ്യയുമുള്ള ഗ്രാമപഞ്ചായത്തിലെ മാലിന്യങ്ങൾ ശേഖരിക്കുന്നത് 146ച.മീ മാത്രം വിസ്തീർണ്ണമുള്ള ഒരു വാടക കെട്ടിടത്തിലാണ് എന്നത് വളരെ പരിതാപകരമായ അവസ്ഥയാണ്. ടി കെട്ടിടത്തിനുള്ളിലും പുറത്തും മാലിന്യങ്ങൾ നാലുപാടും കൂട്ടിയിട്ടിരിക്കുന്ന സാഹചര്യമാണ്. പ്രധാന എംസിഎഫിൽ ശേഖരിക്കാനുള്ള സ്ഥലപരിമിതി നിമിത്തം മിനി എംസിഎഫുകളിലും മാലിന്യം കുമിഞ്ഞ് കൂടിയ അവസ്ഥയുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് എംസിഎഫിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും

കെട്ടിടനിർമ്മാണം നടത്തുന്നതിനും തൻവർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പായിരുന്നില്ല. തുടർ വർഷങ്ങളിൽ ആയതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മാലിന്യ കൈമാറ്റം

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നില്ലാത്തതിനാൽ മാലിന്യങ്ങൾ എം സി എഫ് ൽ കുന്നുകൂടുന്ന അവസ്ഥയുണ്ട്.

ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ

20% വീടുകൾ ഹരിത കർമ്മസേനയുടെ മാലിന്യശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശരിയായി സഹകരിക്കുന്നില്ല. ഉറവിടത്തിൽ മാലിന്യം തരം തിരിച്ച് ലഭിക്കുന്നില്ല. കടകളിൽ നിരോധിത പ്ലാസ്റ്റിക് കവറുകൾ/ വസ്തുക്കൾ എന്നിവ യഥേഷ്ടം ലഭ്യമാകുന്ന സ്ഥിതിവിശേഷം ഉണ്ട്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

നിരീക്ഷണങ്ങൾ

1. ഗ്രാമപഞ്ചായത്തിന് കൂടുതൽ സ്ഥലസൗകര്യമുള്ള കെട്ടിടത്തിൽ എംസിഎഫ് പ്രവർത്തിപ്പിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങി കെട്ടിട നിർമ്മാണം നടത്തേണ്ടതുണ്ട്.
2. വ്യവസായ വകുപ്പ്, ജിഎസ് ടി വകുപ്പ് എന്നിവയുടെ പരിശോധന വ്യാപകമാക്കി നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും ജില്ലാ/ സംസ്ഥാന തലത്തിൽ നിയന്ത്രിക്കുന്നത് ഒരു പരിധിവരെ മാലിന്യവർദ്ധനവിന് പരിഹാരമാവുന്നതാണ്.
3. തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്ന സംരംഭം തുടങ്ങുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനും ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനും ഉതകുന്നതായിരിക്കും.
4. നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്നതാണ് .

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി കരാറുകാരന് അധികം തുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെമ്പുപുറം കുടിവെള്ള പദ്ധതി വാർഡ് 9 (പ്രോജക്ട് നമ്പർ 228/23-24) എന്ന പ്രോജക്ടിന് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയത്	ചെലവഴിച്ചത്
വികസനഫണ്ട്, ധനകാര്യകമ്മീഷൻ	200000/-	135894/-(537/28-03-2023)

((പ്രത്യേക ഉദ്ദേശ്യഗ്രാന്റ്)		60810/-(310/03-01-2024)
ആകെ (2022-23 വർഷത്തെ ചെലവ് ഉൾപ്പെടെ)	200000/-	196704/-

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 27-07-2024 തീയതിയിൽ സൈറ്റ് നേരിൽ പരിശോധിച്ചതിൽ നിലവിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ച് ഏകദേശം 8 മീറ്റർ ഉയരമുള്ള സ്റ്റാന്റ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. സമീപമുള്ള കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ടാങ്കിലെത്തിക്കുകയും സമീപഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുകയുമായിരുന്നു

പദ്ധതി. തുടർന്ന് പ്രോജക്ട് നടപ്പാക്കണമെങ്കിൽ വിതരണ ലൈനുകൾ,ടാങ്ക് മോട്ടോർ, പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. നിലവിൽ ഈ പ്രദേശത്ത് ജൽജീവൻ പദ്ധതി പ്രകാരം ഹൗസ് കണക്ഷനുകൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പ്രോജക്ടിന്റെ ആവശ്യകത ഉറപ്പാക്കി മാത്രം തുടർ ചെലവുകൾ നടത്തേണ്ടതാണ്.

ശ്രീ. ലിനു ജോസ്(ബ്രൈറ്റ് മാർക്ക് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ്) എന്ന വ്യക്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറെടുത്ത് ചെയ്ത പ്രോജക്ടിന്റെ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 1.003ആയി ഉൾപ്പെടുത്തിയിരുന്നത് DSR Item 10.16.2 പ്രകാരം ജി ഐ പൈപ്പ് (Hot Finished Seamless Tubes) ഉപയോഗിച്ചുള്ള ഫ്രെയിംവർക്ക് ചെയ്ത് വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റ് നിർമ്മാണമായിരുന്നു (DSR 2018 Cost Index 36.44). DSR Item 10.16.2 പ്രകാരം ഈ പ്രവൃത്തിക്ക് നല്കാവുന്ന നിരക്ക് 186.53 രൂപ/Kg ആണ്. എന്നാൽ അളവ് പുസ്തക പ്രകാരം DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിവിഷൻ നടത്തിയപ്പോഴും ഇനം മാറ്റിയിരുന്നില്ല. ഇതിന് ഉപയോഗിച്ചിട്ടുള്ള 835.77 Kg സ്റ്റീലിന് അനുവദനീയമായ നിരക്ക് DSR Item 10.2 ന് ബാധകമായ 120.54/Kg ആണ് (അടിസ്ഥാന നിരക്ക് 88.35+36.44% Cost Index). പ്രവൃത്തിയുടെ മേൽനോട്ടം അളവ് രേഖപ്പെടുത്തൽ തുടങ്ങിയവ നിർവ്വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം/ വിശദീകരണം	എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയ തുക 186.53/Kg	ചെയ്ത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ നല്കാവുന്ന തുക 120.54/Kg
ഉപയോഗിച്ച 835.77 Kgസ്റ്റീലിന്	155896.17	100743.71
ജി എസ് റ്റി 18%	28061.31	18133.86
ആകെ	183957.48	118877.57
അധികം നല്കിയത് 183957.48-118877.57=65079.91 (65080/-)		

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ (12/28-7-2024) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ അധികം നല്കിയ 65080/- രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. ജലജീവൻമിഷൻ പൂർത്തീകരിക്കുവാൻ 2 വർഷത്തിലധികം സമയമെടുക്കുമെന്നതിനാലാണ് പ്രോജക്ട് അവിഷ്കരിച്ചിട്ടുള്ളതെന്നും അറിയിച്ചു. അധികം നല്കിയ 65080/-രൂപ കരാറുകാരനിൽ

നിന്ന് തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ട് ഫലപ്രാപ്തിയിലെത്തുന്നതുവരെ നിരാകരിച്ച 65080/- രൂപ കിഴിച്ചുള്ള ചെലവ് തുക 131624/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി- പഞ്ചായത്തിന് അധികച്ചെലവ്

2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 43-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് എന്ന 188/23-24 നമ്പർ പ്രോജക്ടിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 150000/- രൂപ വകയിരുത്തുകയും 144614/- രൂപ (ബിൽ നം.18/30-01-24) ചെലവഴിക്കുകയും ചെയ്തിരുന്നു. ഫ്ലോറിംഗ്, പെയിന്റിംഗ്, വാട്ടർ ടാങ്ക് ഉയർത്തി സ്ഥാപിക്കൽ എന്നിവയായിരുന്നു പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. ശ്രീ. സന്തോഷ് മാത്യു എസ്റ്റിമേറ്റ് നിരക്കിൽ കരാറെടുത്ത് ചെയ്ത പ്രോജക്ടിന്റെ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 1.4 ആയി ഉൾപ്പെടുത്തിയിരുന്നത് DSR Item 10.16.1 പ്രകാരം ജി ഐ പൈപ്പ് (Hot Finished Welded Type Tubes) ഉപയോഗിച്ചുള്ള ഫ്രെയിംവർക്ക് നിർമ്മാണമായിരുന്നു (DSR 2018 Cost Index 36.44). DSR Item 10.16.1 പ്രകാരം ഈ പ്രവൃത്തിക്ക് നല്കാവുന്ന നിരക്ക് 169.87 രൂപ/Kg ആണ്. എന്നാൽ അളവ് പുസ്തക പ്രകാരം DSR Item 10.2 പ്രകാരമുള്ള Ms Channel ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിവിഷൻ നടത്തിയിരുന്നില്ല. ഇതിന് കരാറുകാരൻ 673.73 Kg സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിന് അനുവദനീയമായ നിരക്ക് DSR Item 10.2 ന് ബാധകമായ 120.54/Kg ആണ് (അടിസ്ഥാന നിരക്ക് 88.35+36.44% Cost Index). പ്രവൃത്തിയുടെ മേൽനോട്ടം അളവ് രേഖപ്പെടുത്തൽ തുടങ്ങിയവ നിർവ്വഹിച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ വിവരം/ വിശദീകരണം	എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയത്(നിരക്ക് 169.87/Kg)	ചെയ്ത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ നല്കാവുന്ന നിരക്ക് 120.54/Kg
ഉപയോഗിച്ച 673.73 Kg സ്റ്റീലിന്	**90187.38**/- (എസ്റ്റിമേറ്റ് അളവായ530.92kg ൽ പരിമിതപ്പെടുത്തി 169.87/Kg പ്രകാരം നല്കിയത്)	643.786*120.54=77601.96/- 29.946*169.87=5086.92/- ആകെ നല്കാവുന്നത്=**82688.88/-** (അളവുപുസ്തക പ്രകാരം ചെയ്ത അളവായ 673.73kg ൽ നിന്നും മറുപടി പ്രകാരമുള്ള 29.946 Kg കുറച്ച് 643.786 Kg ന് 120.54/Kg പ്രകാരംനല്കാവുന്നത്, ആകെ ഉപയോഗിച്ച പൈപ്പിന്റെ തൂക്കം പരിമിതപ്പെടുത്താതെ തന്നെ പരിഗണിച്ചിട്ടുണ്ട്)
ജി എസ് റ്റി 18%	16233.72	14883.99
ആകെ	106421.10/-	97572.87/-
അധികം നല്കിയത് 106421.10-97572.87= 8848.23 (8848/-)		

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 14/28-7-2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ അന്വേഷണക്കുറിപ്പിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി 29.946 Kg സ്റ്റീൽ 10.16.1 പ്രകാരമുള്ള ഇനം ആണെന്ന് അറിയിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിച്ച് ചെലവ് നഷ്ടം പുനക്രമീകരിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള അധികച്ചെലവ് 8848/-രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2023-24 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24/07/2024, 25/07/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1630000/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3870396/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

തുക നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി

ബ്ലോക്ക് പഞ്ചായത്ത് മാടപ്പള്ളി	10,00,000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-ജനറൽ(74/24)	10,00,000/-	0
	13,26,404/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-പട്ടികജാതി (81/24)	13,26,404/-	0
	244,000/-	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (7/24)	244,000/-	0
	299992/-	മെൻസ്ട്രുവൽ കപ്പ് വാങ്ങൽ വനിത (41/24)	299,992/-	0
	100000/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (43/24)	100000/-	0
	400,000/-	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (261/24)	400,000/-	0
	500000	മീഡിയം മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (315/24)	500000	0
	3870396/-	**ആകെ ബ്ലോക്ക് വിഹിതം**	**3870396/-**	**0**
കോട്ടയം ജില്ല പഞ്ചായത്ത്	210,000/-	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (7/24)	210,000/-	0
	200,000/-	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി ജനറൽ (5/24)	200,000/-	0
	80,000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-പട്ടികജാതി (81/24)	80,000/-	
	500000	ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ(240/24)	500000	0
	640,000	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-എസ്.സി.പി(269/24)	640,000	0
	1630000/-	**ജില്ല പഞ്ചായത്ത് വിഹിതം**	**1630000/-**	**0**

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

2023-24 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്, എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയത്	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി

	(പ്രോജക്ട് നം.)			
KSEB Ltd.	തൃക്കൊടിത്താനം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (259/24)	348864/-	ഇല്ല	348864/-
	വിവിധ വാർഡുകളിൽ KSEB-യുടെ പോസ്റ്റ് മാറ്റിയിടൽ (252/24)	8154/- 18067/- 14881/- 59127/- 15231/-	ഇല്ല	115460/-
	KSEB പോസ്റ്റ് മാറ്റിയിടൽ	32118/- 12111/-	ഇല്ല	44229/-
ഭൂജല വകുപ്പ്(GWD)	ടേക്ക് എ ബ്രേക്ക് കുന്നുംപുറം കുഴൽകിണറിന് മോട്ടോർപൈപ്പ് അനുബന്ധ പ്രവർത്തനങ്ങൾ ജംഗ്ഷൻ പൂർത്തീകരണം (42/23)	102541/-	ഇല്ല	102541/-
	ആകെ	**611094/-**		**611094/-**

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

2023-24 വർഷം KURDFC ൽ നിന്നും വായ്പയെടുത്തിട്ടില്ല. പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര് /ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC)	ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018	71,30,162/-	ഇല്ല	2034303/-	-	5095859/-

വാർഷിക കണക്ക് പ്രകാരം വായ്പാനീക്കിയിരുപ്പ് 5075392രൂപയാണ്. 20,467/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 20,467/- രൂപ 2021-22 വർഷം വായ്പ തിരിച്ചടവ് തെറ്റായി

അക്കൗണ്ട് ചെയ്യപ്പെട്ടതിനാലാണ് പ്രസ്തുത വ്യത്യാസം തൻവർഷവും തുടരുന്നത്. വായ്പ ശീർഷകത്തിലെ അപാകത പരിഹരിച്ച് നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപങ്ങൾ

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം	ഇല്ല
തൻവർഷം നിക്ഷേപിച്ച തുക	10500000
പലിശ വരവ്	57205/-
ആകെ	10557205/-
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	10557205/-

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിക്ഷേപിച്ച ബാങ്ക്	എഫ്.ഡി. അക്കൗണ്ട് നം.	നിക്ഷേപിച്ച തുക	പലിശ നിരക്ക്	31/03/2024 ലെ നിക്ഷേപ മൂല്യം
തൃക്കൊടിത്താനം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	0112000052432	5000000	8.25	5000000
സൗത്ത് ഇന്ത്യൻ ബാങ്ക്,ചെത്തിപ്പുഴ ബ്രാഞ്ച്	0452100000002054	500000	3.5	502158
യൂണിയൻ ബാങ്ക്,തൃക്കൊടിത്താനം ബ്രാഞ്ച്	720203030001539	5000000	7.25	5055047
	ആകെ	10500000/-		10557205/-

4-7 ഓഡിറ്റ് റിക്കവറി

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പ്രകാരം 2023-24 വർഷം പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. റിക്കവറി തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	അടവാക്കിയ തുക	തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തീയതി
1.	2022-23	3-2	720	ശ്രീജ മോൾ കെ പി	1231305772/ 09-02-2024
2.	2022-23	3-2	720	ടിന്റു തോമസ്	123130573/ 09-02-2024
3.	2022-23	3-2	480	ശരണ്യ മോൾ സി	1231305873/ 14-02-2024
4.	2022-23	1-28	6110	അസിസ്റ്റൻറ് എൻജിനീയർ എൽ എസ് ജി ഡി	1231307820/ 30-03-2024
5.	2022-23	1-17	240	സുരേഷ് ഗുഡ്വിൽ കൺസ്ട്രക്ഷൻസ്	1231306020/ 20-02-2024

6.	2022-23	1-17	1350	വിഷ്വൽ ആഡ്സ് എന്റർടെയിൻമെന്റ്സ്	1231307110/ 19-03-2024
7.	2022-23	1-17	2100	മറ്റത്തിൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്	1231305963/ 17-02-2024
8.	2022-23	1-17	480	ഫുഡ്കോ സൂപ്പർ മാർക്കറ്റ്	1231307219/ 20-03-2024
9	2022-23	1-17	240	സുപ്രീം കമ്പ്യൂട്ടേഴ്സ്	1231301188/ 14-06-2023
10	2022-23	1-17	1050	ബിഗ് ബോസ് ഫിറ്റ്നസ്സ് പ്ലാനറ്റ്	1231305758/ 08-02-2024
11	2022-23	1-17	1200	എസ്സി വാലറ്റ്	1231305928/ 16-02-2024
12	2022-23	1-17	240	ദ്രോണ	1231305874/ 14-02-2024
13	2022-23	1-17	450	ഫിസികോ ഫസ്റ്റ്	1231302164/ 22-08-2023
14	2022-23	1-17	360	ഫെദർലാൻഡ് ബാഡ്മിൻറൺ അക്കാദമി	12313059867/ 17-02-2024
15	2022-23	1-17	5000	ചങ്ങനാശ്ശേരി താലൂക്ക് വ്യാപാരി വ്യവസായ സമിതി	1231307062/ 19-03-2024
16	2022-23	1-19	2500	ഗുഡ്വിൽ കൺസ്ട്രക്ഷൻസ്	1231306021/ 20-02-2024
17	2022-23	1-19	1250	ബിഗ് ബോസ് ഫിറ്റ്നസ്സ് പ്ലാനറ്റ്	1231305759/ 08-02-2024
18	2022-23	1-19	2500	എസ്സി വാലറ്റ്	1231305930/ 16-02-2024
19	2022-23	1-19	2500	ഫെദർലാൻഡ്	1231305965/ 17-02-2024
20	2022-23	1-19	2500	സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മാന്താനം1231306083/ 23-02-2024	1231306083/ 23-02-2024
21	2022-23	1-18	1250	സർവീസ് കോപ്പറേറ്റീവ് ബാങ്ക് തൃക്കൊടിത്താനം	1231306085/ 23-02-2024
22	2022-23	1-19	1250	ന്യൂ ഇന്ത്യ അഷ്വറൻസ് ലിമിറ്റഡ്	1231306246/ 29-02-2024
23	2022-23	1-19	1250	ന്യൂ ഇന്ത്യ അഷ്വറൻസ് ലിമിറ്റഡ്	12313062417/ 29-02-2024
24	2022-23	1-18	5000	താലൂക്ക് വ്യാപാരി വ്യവസായ സമിതി	12313037061/ 19-03-2024
ഓഡിറ്റ് റിക്കവറിയായി ആകെ അടവാക്കിയത് 40740/- രൂപ					

4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2-2	2016-17	അനുബന്ധം-3	വസ്തു നികുതി സംബന്ധമായ അപാകതകൾ	നിയമസഭാസമിതി യുടെ പരിഗണനയിലാണ്
2014-15	2-3-2	2016-17	അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	നിയമസഭാസമിതി യുടെ പരിഗണനയിലാണ്
2015-16	2-3-1, 2-3-2, 2-3-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	നിയമസഭാസമിതി യുടെ പരിഗണനയിലാണ്
2019-20	1-19	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ	നിയമസഭാസമിതി യുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	117675502/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	98124604/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		164840162/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്		164658115/-

(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	73928/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	20,40,022/-

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1 (1-33)		32540/- 32540/-	മരിയ തെരേസ കുര്യൻ അസിസ്റ്റന്റ് എഞ്ചിനീയർ സുരേഷ് കുമാർ പി കെ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ
3-2 (1-34)	-	8848/-	അഞ്ജന പ്രസാദ് അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ		73928/-	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	2,16,000/-	ശ്രീ. അനിൽകുമാർ എ), സെക്രട്ടറി
1-24	50000/-	ശ്രീമതി. റസിയ എ സലാം, കൃഷി ഓഫീസർ
1-25	1,74,529/-	ദിവ്യ.വി.ആൻഡ്രൂസ് , ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-26	4,64,324/-	ശ്രീ. അനിൽകുമാർ എ), സെക്രട്ടറി
1-28	5,70,000/-	ശ്രീ. അനിൽകുമാർ എ), സെക്രട്ടറി
1-30	18800/-	ശ്രീ.അജിത് കുമാർ വി എസ്, വിഇഒ
1-31	1,22,745/-	ശ്രീമതി അമൃത ആർ, വിഇഒ
1-32	2,92,000/-	ശ്രീമതി അമൃത ആർ, വിഇഒ
1-33	1,31,624/-	ശ്രീമതി. അഞ്ജന പ്രസാദ്, അസി.എഞ്ചിനീയർ
ആകെ	20,40,022/-	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u> (ഡി) <u>നഷ്ടം</u>

<u>നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

1-17

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മരിയ തെരേസ കുര്യൻ , അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ കെഎസ്ഇബി ലിമി. പള്ളം കോട്ടയം	ഇലഞ്ഞിക്കൽ ഹൗസ്, എക്സൽ നഗർ 134 കുരിശുമൂട് പി.ഒ ചങ്ങനാശ്ശേരി-686104
സുരേഷ് കുമാർ പി.കെ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ	അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	ചാരുത ഹൗസ് മുട്ടമ്പലം പി ഒ കഞ്ഞിക്കുഴി കോട്ടയം-4
ശ്രീമതി. അഞ്ജന പ്രസാദ്, അസി.എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്	കേദാരം എൻ ആർ എ 36 പെരുന്ന, കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01 & 2001-02	എൽ.എഫ്.കെ.പി8-668/2003/ 14.11.2003/06.12.2003 (ജനകീയാസൂത്രണം)	20
2008-09	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(8)/2022 /27.08.2022	3
2009-10	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(9)/2022 /27.08.2022	3
2010-11 & 2011-12	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(10)/2022 /27.08.2022	4
2012-13	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(11)/2022 /27.08.2022	2
2013-14	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(12)/2022 /27.08.2022	2

2014-15	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(13)/2022 /27.08.2022	7
2015-16	കെ.എസ്.എ-കെ.ടി.എം.പി10/766/2017/05.01.2018/16.01.2018	15
2016-17	കെ.എസ്.എ-കെ.ടി.എം.പി10/1425/2017/ 14.12.2017	20
2017-18	കെ.എസ്.എ-കെ.ടി.എം.പി10-1436/2018/ 17.10.2019	26
2018-19	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1399/2022 /27.08.2022	12
2019-20	കെ.എസ്.എ-കെ.ടി.എം.പി10/1809/2022/ 27.10.2022	6
2020-21	കെ.എസ്.എ-കെ.ടി.എം.പി10/676/2022/ 11.07.2023	33
2021-22	കെ.എസ്.എ-കെ.ടി.എം.പി10/362/2023/ 27.03.2023	50
2022-23	കെ.എസ്.എ-കെ.ടി.എം.പി10/3	73

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 27-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thrikkodithanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thrikkodithanam Grama Panchayat as on 31-03-2024

Date: 11/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thrikkodithanam Grama Panchayat for the Year 2023-2024.

1.Major Observations

1.General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.
2.Non Disclosure of Capital Contribution-Captal contribution opening balance details on 01/04/2023 has not provided by autherised register or document.
3.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2024.

2.Other Observations

1. RP 40(b) Closing balance of CFC (Untied) Fund does not match with concerned ACR
2 .RP 40(b) Closing balance of Life (state share) does not match with concerned ACR and B4 schedule
3.Bank accounts having no transactions like CFLTC , RGSA should be closed
4.Miscredit of Amount to non- existed Account Co-operative bank account of own revenue fund .
5.NOTES ON Account not prepared for journal entry adjustments.
6.Non- maintenannce of Separate loan register, Loan details recorded in specific purpose ACR now.

Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്